'ഭരണഭാഷ മാതൃഭാഷ'

**ഡോ. അംബേദ്കർ മെമ്മോറിയൽ**

**ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ സീനിയർ സൂപ്രണ്ടിന്റെ കാര്യാലയം**

പുന്നപ്ര, വാടയ്ക്കൽ പി ഒ 688003, ആലപ്പുഴ. ഫോൺ: 0477 2268442

ഇ-മെയിൽ: gmrsalappuzha@gmail.com

---

നമ്പർ:- എം.ആർ.എസ് - 941/2017 തീയതി : 08/05/2017

# വിജ്ഞാപനം

## +1 പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ പുന്നപ്ര വടക്ക് പഞ്ചായത്തിൽ വാടയ്ക്കലിൽ ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് 2017-18 അധ്യയന വർഷത്തേക്ക് +1 പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ www.hse.gov.in എന്ന സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ജാതി, വരുമാനം, യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, എന്നിവയുടെ പകർപ്പിനോടൊപ്പം 2017 മെയ് 31 ന് വൈകുന്നേരം 5 മണിക്കകം സീനിയർ സൂപ്രണ്ട്, ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, വാടയ്ക്കൽ പി.ഒ, ആലപ്പുഴ എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

സയൻസ് ബാച്ചിലേക്കാണ് പ്രവേശനം നൽകുന്നത്. ആകെയുള്ള 39 സീറ്റുകളിൽ 60% പട്ടികജാതിക്കാർക്കും 30% പട്ടികവർഗ്ഗക്കാർക്കും 10% മറ്റിതര വിഭാഗത്തിനുമായി നീക്കിവെച്ചിരുക്കുന്നു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ലാത്തതാണ്. പ്രവേശനത്തിന് യോഗ്യത നേടുന്നവർക്ക് വിദ്യാഭ്യാസം, വസ്ത്രം, ഭക്ഷണം, താമസസൗകര്യം എന്നിവ സർക്കാർ ചെലവിൽ നൽകുന്നതാണ്.

*ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0477 2268442, 0477 2268018*

സീനിയർ സൂപ്രണ്ട്

GMRS PUNNAPRA